"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - ഇടുക്കി ജില്ല - എയ്ഡഡ് - കോർപ്പറേറ്റ് മാനേജർ, എം. ഇ. എസ് സ്ക്കൂൾസ്, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള **22246/2022** നമ്പർ റിട്ട് ഹർജിയിൻമേലുള്ള **18/8/2023** ലെ വിധിന്യായം, ശ്രീ. ജയ് എം. തോമസ്, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് അപ്പീൽ നം. **2060/2023** ന്മേലുള്ള **07/12/2023** ലെ വിധിന്യായം എന്നിവ പാലിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.**4735/2025/GEDN** തീയതി,തിരുവനന്തപുരം, **18-07-2025**

---

പരാമർശം:-

1. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി (സി) നം. **1123/2022** ന്മേലുള്ള **31/01/2022** ലെ വിധിന്യായം. (എക്സിബിറ്റ് പി 10)
2. സ. ഉ (സാധാ) നം. **2620/2022/GEDN** തിയതി **24/4/2022** (എക്സിബിറ്റ് പി 12)
3. കോർപ്പറേറ്റ് മാനേജർ, എം. ഇ. എസ് എയ്ഡഡ് സ്ക്കൂൾസ്, കോഴിക്കോട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത **22246/2022** നമ്പർ റിട്ട് ഹർജിയിൻമേലുള്ള **18.8.2023** ലെ വിധിന്യായം.
4. കോർപ്പറേറ്റ് മാനേജർ, എം. ഇ. എസ് സ്ക്കൂൾസ്, സമർപ്പിച്ച **13/11/2023, 18/11/2024** തിയതിയിലെ കത്തുകൾ.
5. കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **14/11/2023** ലെ **DEOKTP/ 10284/2022**-ബി5 നമ്പർ കത്ത്
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **16/11/2023** ലെ ഇസി2/**10783/2022**/ഡിജിഇ നമ്പർ കത്ത്
7. ശ്രീ. ജയ് എം തോമസ്, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് അപ്പീൽ നം. **2060/2023** ന്മേലുള്ള **7/12/2023** ലെ വിധിന്യായം
8. ശ്രീ. ജയ് എം തോമസ് സമർപ്പിച്ച കത്ത്
9. കോർപ്പറേറ്റ് മാനേജർ, എം. ഇ. എസ് സ്ക്കൂൾസ്, സമർപ്പിച്ച

**18/11/2024** ലെ കത്ത്

**<u>ഉത്തരവ്</u>**

കോർപ്പറേറ്റ് മാനേജർ, എം. ഇ. എസ് എയ്ഡഡ് സ്ക്കൂൾസ്, കോഴിക്കോട്, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള **22246/2022** നമ്പർ റിട്ട് ഹർജിയിൻമേലുള്ള **18.8.2023** ലെ വിധിന്യായത്തിൽ **Ext. P12** റദ്ദ് ചെയ്യുകയും ഹർജിക്കാരനെയും **4**-ാം എതിർകക്ഷിയേയും കേട്ട് **Ext. P10** വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വിഷയം പരിഗണിച്ച് **2** മാസത്തിനുള്ളിൽ തീർപ്പാക്കുന്നതിന് **1**-ാം എതിർകക്ഷിയായ സർക്കാരിന് ബഹു. ഹൈക്കോടതി നിർദ്ദേശം നൽകുകയുണ്ടായി. ചുമതലപ്പെടുത്തിയത് പ്രകാരം ഹർജിക്കാരനെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും കേൾക്കുകയുണ്ടായി.

**(2) ഹിയറിംഗ് വേളയിലെ ഹർജിക്കാരന്റെ വാദങ്ങൾ:-**

എം.ഇ.എസ്. കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള മണ്ണാർക്കാട് എം.ഇ.എസ്. ഹയർ സെക്കന്ററി സ്ക്കൂളിൽ ഹൈസ്ക്കൂൾ മലയാളം വിഭാഗം അദ്ധ്യാപകനായി **04.09.2001** മുതൽ നിയമനാംഗീകാരത്തോടുകൂടി ജോലി ചെയ്ത് വന്നിരുന്ന ശ്രീ. ജെയ് എം. തോമസിന് അദ്ദേഹം അപേക്ഷിച്ചതനുസരിച്ച് **2.07.2015** മുതൽ **20.07.2020** വരെ **5** വർഷത്തേക്ക് വിദേശത്തുള്ള ജീവിത പങ്കാളിയുടെ കൂടെ കഴിയാനായി കേരള സർവ്വീസ് റൂൾ ഭാഗം **1** അനുബന്ധം **XII** (സി) പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ഈ അവധി തീരുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ ലാവണം ഇതേ മാനേജ്മെന്റിലെ വണ്ടൻമേട് എം.ഇ.എസ്. ഹയർ സെക്കന്ററി സ്ക്കൂളിലേക്ക് മാറ്റുകയും ചെയ്തിരുന്നു.

എന്നാൽ മേൽ അനുവദിച്ച അവധിയുടെ തുടർച്ചയായി **21.07.2020** മുതൽ **20.07.2025** വരെ വീണ്ടും **5** വർഷത്തേക്ക് അതേ ആവശ്യാർത്ഥം ശൂന്യവേതനാവധി അനുവദിക്കാൻ ശ്രീ. ജെയ് എം. തോമസ് അപേക്ഷ സമർപ്പിച്ചിരുന്നു.

എം. ഇ. എസ്. കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള ഒരു സ്ക്കൂളിലെയും അദ്ധ്യാപകർക്ക് ദീർഘകാല ശൂന്യവേതനാവധി അനുവദിക്കാൻ ഈ മാനേജ്മെന്റ് ശുപാർശ ചെയ്യാറില്ല. സർക്കാർ ഇടക്കിടെ അദ്ധ്യാപകർക്ക് നൽകുന്ന ഇൻസർവീസ് കോഴ്സുകൾ നഷ്ടപ്പെടുന്നതിനാലും അതിനാൽ തന്നെ ദീർഘകാല അവധി കഴിഞ്ഞ് സ്ക്കൂളിൽ പുനഃപ്രവശിക്കുന്ന അദ്ധ്യാപകർക്ക് നൂതന മാർഗങ്ങളിലൂടെ അദ്ധ്യയനം നടത്താൻ കഴിയാത്ത സാഹചര്യം വരുന്നതിനാലും ഇടക്കിടെ അദ്ധ്യാപകർ മാറുന്നത് കുട്ടികളുടെ അക്കാദമിക താൽപ്പര്യത്തെ പ്രതികൂലമായി ബാധിക്കുന്നതിനാലും അവധി ഒരവകാശമല്ലാത്തതിനാലുമാണ് ഈ മാനേജ്മെന്റ് അപ്രകാരമൊരു തീരുമാനമെടുത്തത്. ദീർഘകാലം ജോലിയിൽ നിന്ന് വിട്ടുനിൽക്കുന്നത് പാഠ്യ വിഷയവുമായുള്ള ബന്ധം അദ്ധ്യാപകർക്ക് നഷ്ടപ്പെടുവാനും കാരണമാകുന്നതാണ്. അതിനാൽ ശ്രീ. ജെയ് എം.തോമസിന്റെ രണ്ടാമത്തെ **5** വർഷത്തേക്കുള്ള ശൂന്യവേതനാവധി അനുവദിക്കരുതെന്ന പരാമർശത്തോടെ ലീവ് അപേക്ഷ മേലധികാരികൾക്ക് അയച്ചുകൊടുക്കുകയാണുണ്ടായത്.

ശുപാർശ സ്വീകരിച്ചുകൊണ്ട് അദ്ധ്യാപകന്റെ അവധി അപേക്ഷ നിരസിച്ചുകൊണ്ടും ഉടൻ തന്നെ ജോലിയിൽ തിരികെ പ്രവേശിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് എൽ **2/191/2021** പൊ.വി.വ തീയതി **14.12.2021** പ്രകാരം ഉത്തരവായി.

ഇതിനെതിരെ അദ്ധ്യാപകൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത **WP(C) No.1123/2022** റിട്ട് പെറ്റീഷനിലെ **31.01.2022** ലെ വിധി ഉത്തരവിനനുസരിച്ച് അദ്ദേഹത്തിന്റെ ആവശ്യം ബഹു. ഹൈക്കോടതി അംഗീകരിക്കാതെ തള്ളുകയാണുണ്ടായത്.

ശ്രീ. ജെയ് എം. തോമസ് **5** വർഷത്തെ ശൂന്യവേതനാവധി അനുഭവിച്ചു കഴിഞ്ഞു. തുടർന്നുള്ള അവധിക്ക് അർഹതയില്ലെന്ന് സർക്കാരും ബഹു. ഹൈക്കോടതിയുടെ സിംഗിൾ, ഡിവിഷൻ ബെഞ്ചുകളും ഉത്തരവ് പുറപ്പെടുവിച്ചതുമാണ്.

അദ്ധ്യാപകന്റെ പരമമായ ഉത്തരവാദിത്തം കൂട്ടികൾക്ക് ഫലപ്രദമായി അദ്ധ്യയനം നൽകുക എന്നുള്ളതാണ്. ഈ മഹിതമായ ലക്ഷ്യം കൈവരിക്കാനാണ് സർക്കാരും ബഹു. ഹൈക്കോടതിയുമെല്ലാം കാലാകാലങ്ങളിൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. ഇത് ചിലരെയെല്ലാം പ്രതികൂലമായി ബാധിക്കുമെന്നത് സ്വാഭാവികമാണ്. എന്നാൽ സർക്കാരോ ബഹു. ഹൈക്കോടതിയോ പരിഗണിക്കാത്ത അദ്ധ്യാപകരുടെ തികച്ചും വ്യക്തിപരമായ താൽപ്പര്യങ്ങൾ സ്ക്കൂൾ മാനേജർക്ക് ഒരു തരത്തിലും പരിഗണിക്കാൻ നിർവാഹമില്ല.

എന്നാൽ അദ്ധ്യാപകൻ **21.07.2020** മുതൽ **20.07.2025** വരെ വീണ്ടും **5** വർഷത്തേക്ക് അവധി അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് സർക്കാരിന് പുനഃപരിശോധന ഹർജി നൽകുകയും സർക്കാർ സ.ഉ. (സാധാ) നമ്പർ **2620/2022** ജനറൽ എഡ്യുക്കേഷൻ തീയതി **24.04.2022** പ്രകാരം അവധി അനുവദിക്കുകയാണുണ്ടായത്. പ്രസ്തുത ഉത്തരവ് സർക്കാർ നേരത്തെ പുറപ്പെടുവിച്ച എൽ**2/191/2021** പൊ.വി.വ. തീയതി **14.12.2021** ഉത്തരവിന് വിരുദ്ധമാണ്. എന്നാൽ കേരള വിദ്യാഭ്യാസ നിയമം **XIV A** അദ്ധ്യായത്തിലെ **56 (4)** ചട്ടപ്രകാരം ഒരു എയ്ഡഡ് സ്ക്കൂൾ അദ്ധ്യാപകന് **5** വർഷക്കാലം മാത്രമാണ് ശൂന്യവേതനാവധി അനുവദനീയമായിട്ടുള്ളത്. ശ്രീ. ജെയ് എം. തോമസിന് **21.07.2015** മുതൽ **20.07.2020** വരെ **5** വർഷത്തേക്ക് വിദേശത്തുള്ള ജീവിത പങ്കാളിയുടെ കൂടെ കഴിയാനായി കേരള സർവീസ് റൂൾ ഭാഗം **1** അനുബന്ധം **XII C** ശൂന്യവേതനാവധി അനുവദിച്ചിരുന്നു. **5** വർഷത്തിൽ കൂടുതൽ ശൂന്യവേതനാവധി അനുവദിക്കുന്നത് ഒരു കീഴ്‌വഴക്കാമായി മാറാൻ സാധ്യതയുള്ളതിനാൽ ശ്രീ. ജെയ് എം. തോമസിന്റെ **21.07.2020** മുതൽ **20.07.2025** വരെയുള്ള ശൂന്യവേതനാവധി അനുവദിക്കരുതെന്ന് അപേക്ഷിക്കുന്നു.

**(3) 4-ാം എതിർകക്ഷിയുടെ വാദങ്ങൾ:-**

1. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സിംഗിൾ ബെഞ്ച് ശൂന്യവേതനാവധി നിയമങ്ങളും വസ്തുതകളും കൃത്യമായി മനസ്സിലാക്കാതെയും, മാനേജറുടെ അധികാരപരിധി കണക്കിലെടുക്കാതെയും, ശൂന്യവേതനാവധി കെ.എസ്.ആർ ചട്ടം 64 ഭാഗം I ബന്ധപ്പെട്ടുള്ള സർക്കാർ ഉത്തരവ് നമ്പർ **G.O (P) No.143/2021 -** ഫിനാൻസ് വകുപ്പ് തീയതി **30.12.2021** പരിഗണിക്കാതെയും ആണ് വിധി പ്രസ്താവിച്ചിട്ടുള്ളത്.

പ്രസ്തുത വിധിയിലെ ഒരു കക്ഷി എന്ന നിലയിൽ എനിക്ക് ന്യായം കിട്ടാത്തതിനാൽ നിയമത്തിന്റെയും, വസ്തുതകളുടെയും അടിസ്ഥാനത്തിൽ **18.08.2023** തീയതിയിലെ **WP (C) No.22246/2022** വിധിക്കെതിരായി ബഹുമാനപ്പെട്ട ഡിവിഷൻ ബെഞ്ച് മുമ്പാകെ അപേക്ഷകൻ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്.

2. കെ.എസ്.ആർ ചട്ടം **64** ഭാഗം ഒന്നിനെ അടിസ്ഥാനമാക്കിക്കൊണ്ട് **30.12.2021** ന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏറ്റവും പുതിയ ഭേദഗതി ഉത്തരവ് പ്രകാരം **180** ദിവസത്തിലധികം ഉള്ള ദീർഘകാല അവധി അപേക്ഷകൾ പരിഗണിക്കുന്നതിന് ഉള്ള അധികാരം സർക്കാരിൽ മാത്രം നിക്ഷിപ്തമാണ് എന്ന് വളരെ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്.

ജീവനക്കാരൻ സമർപ്പിച്ച ദീർഘകാല അവധി അപേക്ഷ ആവശ്യമായ കുറിപ്പോടുകൂടെ, ഉചിതരൂപേണ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുക മാത്രമാണ് സ്ക്കൂൾ അധികാരികളുടെ ഉത്തരവാദിത്വം.

അത്തരം അവധികൾ അനുവദിക്കുന്നതിനൊ /നിരസിക്കുന്നതിനൊ ഉള്ള അവകാശം സർക്കാരിന്റെ വിവേചന അധികാര പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്.

സർക്കാരിന്റെ അത്തരം വിവേചന അധികാരത്തിൽ ഇടപെടാൻ അപേക്ഷകനായ എനിക്കോ / മാനേജർക്കൊ യാതൊരുവിധ അവകാശവും ഇല്ല.

3. അവധി അപേക്ഷ നിരസിക്കുന്നതിന് കാരണമായി മാനേജർ എപ്പോഴും ചൂണ്ടിക്കാണിക്കുന്ന കാരണം അദ്ധ്യാപകരുടെ ലഭ്യതക്കുറവ് എന്നതാണ്. എന്നാൽ സർക്കാർ കെ.ഇ.ആർ ചട്ടം **43,51 A,51 B** അധ്യായം **XIV A** പ്രകാരം എല്ലാ അവധി ഒഴിവുകളിലും പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിക്കണമെന്ന് **G.O (P) No.199/2016 G.Edn Dated 03.12.2016** ഉത്തരവിലൂടെ നിർദേശിച്ചിട്ടുണ്ട്. സർക്കാർ ഏതെങ്കിലും ജീവനക്കാർക്ക് ദീർഘകാല അവധി അനുവദിച്ച് ഉത്തരവ് ഇറക്കുകയാണെങ്കിൽ ആയത് അനുസരിക്കേണ്ടത് അപേക്ഷകന്റെയും, അതുപോലെ തന്നെ സ്ക്കൂൾ അധികാരികളുടെയും ഉത്തരവാദിത്വമാണ്. മാത്രമല്ല അത്തരം അവധി ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോട് പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കിത്തരുവാൻ ആവശ്യപ്പെടേണ്ടതുമാണ്. എന്നാൽ അതിനുപകരം സർക്കാർ ഉത്തരവിനെ കോടതി വ്യവഹാരത്തിലേക്കു

വിടുന്നത് പൂർണമായും ചട്ടങ്ങൾക്കും, നിയമങ്ങൾക്കും എതിരാണ്.

**4.** ശൂന്യവേതന അവധി പരിഗണിക്കാനുള്ള അധികാരം സർക്കാരിൽ മാത്രം നിക്ഷിപ്തമാണ് എന്ന് ബഹു. കേരള ഹൈക്കോടതി സിംഗിൾ ബെഞ്ചും, ഡിവിഷൻ ബെഞ്ചും എം.ഇ.എസ് മാനേജർ കക്ഷിയായ നിരവധി കേസുകളിൽ തന്നെ വിധി പ്രസ്താവിച്ചിട്ടുണ്ട്. ആയതിനാൽ സർക്കാർ ഉത്തരവുകൾ പാലിക്കുവാൻ ഉള്ള ബാധ്യത മാനേജർക്കും, മറ്റ് അധികാരികൾക്കും ഉണ്ട്.

**5.** സ്ക്കൂൾ ജീവനക്കാരിൽ നിന്നും ലഭിക്കുന്ന അവധി അപേക്ഷകൾ യാതൊരുകാരണവശാലും പരിഗണിക്കരുതെന്നും, അപേക്ഷകളിന്മേൽ മേലൊപ്പൊ, മറ്റ് അനുകൂല ശുപാർശകളോ രേഖപ്പെടുത്തരുതെന്നും, ലഭിക്കുന്ന അപേക്ഷകൾ അതേപടി നേരിട്ട് ബന്ധപ്പെട്ട അധികാരികൾക്ക് അയച്ചുകൊടുക്കേണ്ടതാണെന്നും നിർദേശിച്ചുകൊണ്ട് സ്ക്കൂൾ ഹെഡ് മാസ്റ്റേഴ്സ് / പ്രിസിപ്പൽസ് എന്നിവർക്ക് സ്ക്കൂൾ മാനേജ്മെന്റ് നൽകിയ സർക്കുലർ, ചട്ടങ്ങൾക്കും, കെ.ഇ.ആർ / കെ.എസ്.ആർ നിയമങ്ങൾക്കും, വിവിധ സർക്കാർ ഉത്തരവുകൾക്കും പൂർണമായും എതിരാണ്. സ്ക്കൂൾ അധികാരികൾ കെ.ഇ.ആർ / കെ.എസ്.ആർ ചട്ടങ്ങൾക്കും, അതാതു സമയത്തെ സർക്കാർ ഉത്തരവുകൾക്കും അനുസരിച്ച് മാത്രമാണ് പ്രവർത്തിക്കേണ്ടത്. അല്ലാത്തപക്ഷം ആയവർ പ്രസ്തുത തസ്തിക ദുരുപയോഗം ചെയ്യുകയാണ് ചെയ്യുന്നത്.

**6.** എനിക്ക് അവധി അനുവദിച്ചുകൊണ്ട് പുറത്തിറക്കിയ **24.04.2022** തീയതിയിലെ സർക്കാർ ഉത്തരവിന് എതിരായി മാനേജർ ചൂണ്ടിക്കാണിക്കുന്ന വാദം **31.01.2022** തീയതിയിലെ **WP (C) No.1123/2022** കോടതി ഉത്തരവാണ്. പ്രസ്തുത വിധിയിൽ സർക്കാർ നടപടി സിംഗിൾ ബെഞ്ച് ശരിവക്കുകയാണ് ചെയ്തിട്ടുള്ളത്. എങ്കിലും ഏതു സർക്കാർ ഉത്തരവുകളും പുനഃപരിശോധിക്കാൻ **Rule 93 Chapter XIVA KER** പ്രകാരം സർക്കാരിന് അധികാരമുണ്ടെന്നും, ആയത് സർക്കാരിൽ മാത്രം നിക്ഷിപ്തമാണെന്നും മാനേജർ മനസ്സിലാക്കേണ്ടതാണ്.

**7.** കെ.എസ്.ആർ ചട്ടങ്ങൾ അവധി കാര്യത്തിൽ എയ്ഡഡ് സ്ക്കൂൾ ജീവനക്കാർക്ക് ബാധകമല്ല എന്ന് മാനേജർ വാദിക്കുമ്പോഴും ആയതു ബാധകമാണ് എന്ന് സർക്കാർ വിവരാവകാശ നിയമപ്രകാരം മറുപടി നൽകിയിട്ടുണ്ട്.

**8.** ഉത്തരവ് നമ്പർ **2620/2022** പൊതുവിദ്യാഭ്യാസ വകുപ്പ് **24.04.2022** തീയതി പ്രകാരം എനിക്ക് സർക്കാർ അവധി അനുവദിച്ചു തന്നിട്ടുള്ളത് അപേക്ഷകന്റെ മകന്റെ രോഗാവസ്ഥയും കൂടി കണക്കിലെടുത്തുകൊണ്ടാണ്. മകന്റെ രോഗാവസ്ഥ തൽസ്ഥിതിയിൽ തുടരുകയുമാണ്. ഏതെല്ലാം നിയമങ്ങൾ നിലവിൽ ഉണ്ട് എങ്കിലും അവധി അപേക്ഷ പരിഗണന അർഹിക്കുന്നതാണ് എന്നുതോന്നുന്ന പക്ഷം റൂൾ **7 Part 1 KSR** പ്രകാരം ചട്ടങ്ങളിൽ ഇളവുവരുത്തി അവധി അനുവദിച്ചുകൊടുക്കാൻ ഉള്ള അധികാരവും സർക്കാരിൽ നിക്ഷിപ്തമാണ്. ആ അധികാരത്തെ ചോദ്യം ചെയ്യാൻ മറ്റാർക്കും സാധ്യമല്ലാത്തതുമാണ്.

**9.** മാത്രമല്ല നിർഭാഗ്യവശാൽ അപേക്ഷകനായ ശ്രീ. ജയ്.എം തോമസിന് ആഴ്ചകൾക്കുമുൻപ് ഗൗരവതരമായ ഒരു ഹാർട്ട് അറ്റാക്ക് സംഭവിക്കുകയുണ്ടായി. അതിനെ തുടർന്നുള്ള തുടർചികിത്സകൾ നിലവിൽ തുടർന്ന് കൊണ്ടിരിക്കുകയും നീണ്ട വിശ്രമത്തിലുമാണ്. ഈ വിഷയം കൂടി പരിഗണനയിൽ എടുക്കണമെന്നും, നിലവിലുള്ള അവധി കാലയളവ് തീരുന്നതുവരെ അവധിയിൽ തുടരുവാൻ അനുമതി നൽകണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

**10.** കേരള ധനകാര്യ വകുപ്പ് സർക്കുലർ നമ്പർ **83 / 2020** തീയതി **30.12.2020** പ്രകാരം കെ.എസ്.ആർ ഭാഗം ഒന്ന് അനുബന്ധം **XII C** പ്രകാരം മുൻപ് സമർപ്പിച്ചിട്ടുള്ള അവധി അപേക്ഷകൾ അർഹതയുടെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി തീരുമാനമെടുക്കേണ്ടതാണെന്ന് നിർദേശിച്ചിരുന്നു. അപേക്ഷകന്റെ അവധി അപേക്ഷ **21.03.2020**-ൽ സമർപ്പിച്ചിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ നിയമത്തിനു അനുസൃതമായി ധനകാര്യ വകുപ്പിന്റെ അനുമതിയോടു കൂടി മാത്രമാണ് അപേക്ഷകന് അവധി അനുവദിച്ചു നൽകിയിട്ടുള്ളത്.

**11.** കെ ഇ ആർ / കെ എസ് ആർ ചട്ടങ്ങളിലോ, മറ്റേതെങ്കിലും സർക്കാർ ഉത്തരവുകളിലോ ദീർഘകാല അവധി അപേക്ഷയിന്മേൽ സർക്കാർ തീരുമാനം എടുക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട സ്ക്കൂൾ മാനേജരുമായി ഹിയറിങ് നടത്തണമെന്നൊ, ഹിയറിങ് നടത്തിയതിനുശേഷം മാത്രമേ തീരുമാനം എടുക്കാവൂ എന്നോ നിർവചിച്ചിട്ടില്ല. ആയതിനാൽ മാനേജരുടെ അത്തരം വാദത്തിന് പ്രസക്തിയില്ല. അവധി അപേക്ഷയിന്മേൽ തീരുമാനമെടുക്കുക എന്നത് സർക്കാരിന്റെ നിയമത്തിൽ അധിഷ്ഠിതമായ വിവേചന അധികാരത്തിൽ കീഴിലുള്ളതാണ്.

**12.** സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ വിഷയവും, **WP (C) No.22246/2023** നമ്പർ പ്രകാരമുള്ള എന്റെ കേസിന്റെ വിഷയവും തമ്മിൽ യാതൊരു ബന്ധവും ഇല്ല.

ഒരു എയ്ഡഡ് സ്ക്കൂൾ ജീവനക്കാരന്റെ അവധി അപേക്ഷ പരിഗണിക്കാൻ മാനേജർക്ക് അവകാശമുണ്ടോ എന്നതാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിലെ വിഷയം.

ഇതിൽ മാനേജരുടെ ഏകവാദം കെ.ഇ.ആർ ചട്ടം **56 (4)** ചാപ്റ്റർ **4** എ-യും, കെ.എസ്.ആർ ചട്ടം **64** ഭാഗം **1** - ഉം തമ്മിലുള്ള വൈരുധ്യം മാത്രമാണ്. ഒരു എയ്ഡഡ് സ്ക്കൂൾ ജീവനക്കാരന്റെ ശുന്യവേതനാവധി സംബന്ധിച്ചിടത്തോളം കെ.എസ്.ആറിലെ ചട്ടങ്ങൾക്ക് പകരം കെ.ഇ.ആർ ചട്ടങ്ങൾ പാലിക്കണമെന്നാണ് മാനേജർ വാദിക്കുന്നത്. പ്രസ്തുത വാദത്തെ പിന്തുണക്കാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ **08.12.2021** തീയതിയിലെ മറ്റൊരു വിധിയെ മാനേജർ ആശ്രയിക്കുന്നു. ഈ വിധിയെ തെറ്റായി വ്യാഖ്യാനിച്ച് മാനേജർ ഇതേ

മാനേജ്മെന്റിന് കീഴിലുള്ള മറ്റൊരു അദ്ധ്യാപകന്റെ (**Muhammadali-A-High School Assistant Arabic- MES High School-Irimbiliyam**) അവധി അപേക്ഷയിന്മേൽ സ്വയം തീരുമാനം എടുക്കുകയും, അവധി അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കാതെ നിരസിക്കുകയും ചെയ്തു. മാനേജരുടെ നിയമവിരുദ്ധമായ ഈ നടപടിക്കെതിരെ പ്രസ്തുത അധ്യാപകൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചപ്പോൾ ആ അദ്ധ്യാപകന്റെ വാദം അംഗീകരിച്ച ഹൈക്കോടതി സിംഗിൾ ബെഞ്ച് അത്തരം അവധി അപേക്ഷകൾ പരിഗണിക്കാൻ മാനേജർക്ക് അവകാശമില്ലെന്നും, ഏതെങ്കിലും ജീവനക്കാരന്റെ ദീർഘകാല ശൂന്യവേതന അവധി അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ ഉചിതമായ തീരുമാനങ്ങൾക്കായി സർക്കാരിന് ഉടൻ കൈമാറേണ്ടതുണ്ട് എന്ന് ഉത്തരവ് പുറപ്പെടുവിച്ചു.

ഈ വിധിക്കെതിരെ മാനേജർ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ നൽകുകയും, ആ അപ്പീൽ പരിഗണിച്ച ഡിവിഷൻ ബെഞ്ച്, സിംഗിൾ ബെഞ്ച് വിധി ശരിവയ്ക്കുകയുമാണ് ഉണ്ടായത്.

അതിനുശേഷം ഈ രണ്ട് വിധികൾക്കെതിരെ മാനേജർ സുപ്രീം കോടതിയിൽ സ്പെഷ്യൽ പെറ്റീഷൻ (**SPL**) നമ്പർ **4260 / 2022** പ്രകാരം കേസ് ഫയൽ ചെയ്തു.

**WP (C) No.22246/2023** നമ്പർ പ്രകാരമുള്ള എന്റെ കേസിന്റെ വിഷയം ഒരു ജീവനക്കാരന് ദീഘകാല അവധി അനുവദിക്കുന്നതിനുള്ള സർക്കാരിന്റെ വിവേചന അധികാരത്തെ സംബന്ധിച്ചാണ്. അതുകൊണ്ടുതന്നെ സുപ്രീം കോടതിയുടെ പരിഗണയിലുള്ള കേസ് ഒരുകാരണവശാലും എന്റെ കേസുമായി ബന്ധപ്പെട്ടതോ, അതിനെ ബാധിക്കുന്നതോ അല്ല. നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട സിംഗിൾ ബെഞ്ച് എന്റെ കേസിലെ നിയമങ്ങളും, വസ്തുതകളും തെറ്റായി വ്യാഖ്യാനിക്കുകയും, സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസും സമാനമാണെന്ന് കരുതി അവധി അപേക്ഷ പരിഗണിക്കുന്ന സമയത്ത് മാനേജരെയും കേൾക്കണമെന്ന് ഉത്തരവിട്ടു.

**(4) ഈ വിഷയത്തിൽ വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:-**

ശ്രീ. ജയ്.എം തോമസ് **21/07/2015** മുതൽ **20/07/2020** വരെ അഞ്ച് വർഷത്തെ ശുന്യവേതനാവധിയിൽ പ്രവേശിച്ച കാലയളവിൽ, ടിയാനെ മാനേജരുടെ ഉത്തരവ് നമ്പർ. എച്ച്.എസ് **/2010/2019** തീയതി **06/12/2019** പ്രകാരം എം.ഇ.എസ് എച്ച്.എസ്.എസ് മണ്ണാർക്കാട് സ്ക്കൂളിൽ നിന്നും കട്ടപ്പന വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിൽപെട്ട എം.ഇ.എസ്.എച്ച്.എസ്.എസ് വണ്ടൻമേട് സ്ക്കൂളിലേക്ക് സ്ഥലം മാറ്റുകയുണ്ടായി. എന്നാൽ ടിയാൻ ശൂന്യവേതനാവധി അടുത്ത അഞ്ചു വർഷത്തേക്ക് കൂടി നീട്ടി നൽകണമെന്ന് മാനേജരോട് അപേക്ഷിക്കുകയുണ്ടായി. എം.ഇ.എസ് മാനേജരോ ബന്ധപ്പെട്ട ഹെഡ്മിസ്ട്രസ്സോ ടി അപേക്ഷ പരിഗണിക്കുകയുണ്ടായില്ല. ടിയാൻ ടി അപേക്ഷയുമായി ബഹു.

സർക്കാരിനെ സമീപിച്ചുവെങ്കിലും ടിയാളുടെ അപേക്ഷ സർക്കാർ ഉത്തരവ് നമ്പർ. എൽ2/191/2021 പൊ.വി.വ. തീയതി 14/12/2021 പ്രകാരം നിരസിക്കുകയുണ്ടായി. അതിനുശേഷം ശ്രീ. ജയ്.എം തോമസ് ബഹു. ഹൈക്കോടതിയെ സമീപിച്ചുവെങ്കിലും ടിയാളുടെ അപേക്ഷ താഴെപറയുന്ന രണ്ട് കാരണങ്ങളാൽ തള്ളിക്കളയുകയുണ്ടായി.

1. പലതവണയായി അഞ്ചു വർഷക്കാലം വീതം ശുന്യവേതനാവധി നീട്ടുന്നതിനുള്ള സർക്കാർ ഉത്തരവുകൾ സ്വന്തം താല്പര്യത്തിനനുസരിച്ച് മാറ്റം വരുത്താനാവില്ല.
2. ഇരുപത് വർഷക്കാലത്തോളം ഒരു ഉദ്യോഗസ്ഥൻ ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്നത് തൊഴിൽരഹിതരും യോഗ്യത ഉള്ളവരുമായ ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുത്തുന്നതിന് തുല്യമാണ്.

ഈ സാഹചര്യം നിലനിൽക്കെ ശ്രീ. ജയ്.എം തോമസ് സർക്കാരിന് അപ്പീൽ സമർപ്പിക്കുകയും സർക്കാർ ഉത്തരവ് നമ്പർ. 2620/2022 പൊ.വി.വ തീയതി 24/04/2022 പ്രകാരം ടിയാന് 21/02/2020 മുതൽ 20/07/2025 വരെ ശുന്യവേതനാവധി അനുവദിച്ച് ഉത്തരവ് ആയിട്ടുള്ളതും ആകുന്നു.

**(5) മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ /ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.**

ഇടുക്കി, വണ്ടൻമേട് എം.ഇ.എസ് എച്ച്.എസ്.എസ് ലെ എച്ച്.എസ്.ടി (മലയാളം) ശ്രീ. ജെയ്. എം. തോമസിന് 24.4.2022 ലെ സ.ഉ. (സാധാ) നം. 2620/2022/പൊ.വി.വ ഉത്തരവ് പ്രകാരം അനുവദിച്ച 21.07.2020 മുതൽ 20.7.2025 വരെയുള്ള ശ്യൂന്യവേതനാവധി റദ്ദ് ചെയ്യണമെന്നതാണ് സ്ക്കൂൾ മാനേജരുടെ ആവശ്യം.

വണ്ടൻമേട് എം.ഇ.എസ് സ്ക്കൂളിലെ മലയാളം അധ്യാപകനായ ശ്രീ. ജയ്.എം.തോമസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C) No. 17951/2015 യുന്റെയു 26.06.2015 ലെ വിധിന്യായ പ്രകാരം ടിയാൾക്ക് വിദേശത്ത് ഭാര്യയോടൊപ്പം താമസിക്കുന്നതിന് 5 വർഷത്തേക്ക് ശുന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. തുടർന്ന് 21.07.2020 മുതൽ 5 വർഷത്തേക്ക് ശുന്യവേതനാവധി ദീർഘിപ്പിക്കുന്നതിന് ടിയാൾ അപേക്ഷ സമർപ്പിക്കുകയും ടിയാന്റെ അപേക്ഷ മാനേജരും വിദ്യാഭ്യാസ ഓഫീസറും ശുപാർശ ചെയ്യാതിരുന്നതിനാൽ 14.12.2021 ലെ എൽ2/191/2021/പൊ.വി.വ കത്ത് പ്രകാരം നിരസിക്കുകയും ഉടൻ തന്നെ തിരികെ സർവ്വീസിൽ പ്രവേശിക്കാൻ ശ്രീ. ജയ്.എം.തോമസിന് നിർദേശം നൽകുകയും ചെയ്തു.

ഇതിനെതിരെ ശ്രീ. ജയ്.എം.തോമസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 1123/2022 ന്റെ 31.01.2022 ലെ വിധിന്യായത്തിൽ 20 വർഷം

ഒരു ഉദ്യോഗസ്ഥൻ ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്നത് തൊഴിൽ രഹിതരും യോഗ്യത ഉള്ളവരുമായ ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുത്തുന്നതിന് തുല്യമാണ് എന്നും ടിയാന്റെ ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കാൻ കഴിയില്ല എന്നും ഉത്തരവായിരുന്നു.

മേൽ കോടതി ഉത്തരവ് നിലനിൽക്കെ ആണ് ശ്രീ. ജയ്.എം.തോമസ് സർക്കാരിൽ സമർപ്പിച്ച പുനഃപരിശോധനാ ഹർജി പരിഗണിച്ച് ഇനിയൊരു ദീർഘിപ്പിക്കൽ അനുവദിക്കുകയില്ല എന്ന വ്യവസ്ഥയോടെ **24.4.2022** ലെ സ.ഉ.(സാധാ) നം. **2620/2022**/പൊ.വി.വ ഉത്തരവ് പ്രകാരം **21.7.2020** മുതൽ **20.7.2025** വരെ ശ്യൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകിയത്. ടി ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ട്.

എന്നാൽ ഈ കേസ്സിൽ കോഴിക്കോട് എം ഇ എസ് സ്കൂൾ മാനേജർ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി നം. **22246/2022** ന്മേലുള്ള **18/8/2023** ലെ വിധിന്യായത്തിനെതിരെ ശ്രീ. ജെയ്. എം. തോമസ് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ **7/12/2023** ലെ വിധിന്യായം പ്രസക്തഭാഗം ഇപ്രകാരമാണ്.

**"".......... we are of the view that the learned Single Judge was right in relegating the matter to the Government for reconsideration. There is no reason to interfere with the impugned judgment. The appeal fails and accordingly, dismissed."".** ഡിവിഷൻ ബെഞ്ചിന്റെ മേൽ വിധിന്യായം പ്രകാരം കേസ്സ് വിഷയം പുന.പരിശോധിച്ച് ഉത്തരവാകുന്നതിന് സർക്കാരിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**"Deepa. V. State of Kerala 2010 (4) KLT795=ILR 2010(4)Kerala 825 (K.T.Sankaran J)** ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം ലീവ് അനുവദിക്കുന്നതിന് മാനേജരുടെ ശിപാർശ ആവശ്യമില്ല. ശ്രീ. ജെയ് എം. തോമസിന് ശൂന്യവേതനാവധി അനുവദിച്ച ഉത്തരവിനെതിരെ **Corporate Manager of MES schools** ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന **WP(C) 22246/2022** കേസിലെ ന്യായവിധിയിലെ പ്രസക്ത ഭാഗം ഇപ്രകാരമാണ് :-

**"In the above view of the matter, I am of the opinion that in the light of Ext.P10 judgment, the review of Ext.P7 order by Ext.P12, without putting the Manager on notice, was completely misconceived. Ext.P12 is, therefore, set aside. There will be a direction to the 1st respondent to consider the issue afresh with notice to the petitioner as well as the 4th respondent. The impact of Ext.P10 judgment shall also be considered by the 1st respondent while passing orders as directed above. Appropriate orders shall be passed within a period of two months from the date of receipt of a copy of this judgment. Till orders are passed as directed above,further proceedings pursuant to Ext.P9 shall be kept in abeyance."**

മേൽ വിധിന്യായത്തിനെതിരെ ശ്രീ. ജെയ്. എം. തോമസ് ഫയൽ ചെയ്തിട്ടുള്ള റിട്ട് അപ്പീൽ ബഹു:ഹൈക്കോടതി **dismiss** ചെയ്ത സാഹചര്യത്തിൽ **WP(C) 22246/2022**-ന്മേലുള്ള **18/08/2023** ലെ വിധിന്യായപ്രകാരം **G.O.(Rt.) 2620/2020/G.Edn dated 24/04/2022** റദ്ദായിട്ടുള്ളതിനാൽ സ്കൂൾ മാനേജർക്കും നാലാം എതിർകക്ഷിയായ ശ്രീ. ജെയ് എം. തോമസിനും നോട്ടീസ് നല്കുകയുണ്ടായി.

**(എ) നാലാം എതിർകക്ഷിയായ ശ്രീ. ജെയ് എം. തോമസ് ഇപ്രകാരം വാദം ഉന്നയിക്കുകയുണ്ടായി**

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സിംഗിൾ ബെഞ്ച് കേരള സർവീസ് ചട്ടത്തിലെ ശൂന്യവേതന അവധി നിയമങ്ങളും, അതുമായി ബന്ധപ്പെട്ട വിവിധ സർക്കാർ ഉത്തരവുകളും, പൂർണമായി പരിഗണിക്കാതെയുമാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. എം ഇ എസ് ഹയർ സെക്കന്ററി സ്കൂൾ ഇരിമ്പിളിയം മലപ്പുറം സ്കൂളിലെ മുഹമ്മദാലി, എ **(HSA ARABIC)** എന്ന അദ്ധ്യാപകന് അവധി നൽകുന്നതിനെതിരെ ഇതേ മാനേജർ നൽകിയ കേസിൽ ദീർഘകാല അവധി അപേക്ഷകളിന്മേൽ തീരുമാനമെടുക്കാനുള്ള പൂർണമായ അധികാരം സർക്കാരിന് ആണെന്നും, ശൂന്യവേതന അവധി അപേക്ഷകൾ മാനേജർ സർക്കാരിലേക്ക് സമർപ്പിക്കുക മാത്രമാണ് ചെയ്യേണ്ടതെന്നും, അദ്ധ്യാപകന് അനുകൂലമായ ഹൈക്കോടതി സിംഗിൾ ബെഞ്ച്, ഡിവിഷൻ ബെഞ്ച് വിധികൾ ശരിവച്ചു കൊണ്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി **12.02.2024** തിയ്യതി നമ്പർ **4260/2022** ഉത്തരവിലൂടെ ഏറ്റവും പുതിയ വിധിപ്രസ്താവിച്ചിട്ടുണ്ട്.

**2)** കെഎസ്ആർ ചട്ടം **64** ഭാഗം ഒന്നിനെ അടിസ്ഥാനമാക്കിക്കൊണ്ട് **30.12.2021** ന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏറ്റവും പുതിയ ഭേദഗതി ഉത്തരവ് പ്രകാരം **180** ദിവസത്തിലധികം ഉള്ള ദീർഘകാല അവധി അപേക്ഷകൾ പരിഗണിക്കുന്നതിന് ഉള്ള അധികാരം സർക്കാരിൽ മാത്രം നിക്ഷിപ്തമാണ് എന്ന് വളരെ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്.

ജീവനക്കാരൻ സമർപ്പിച്ച ദീർഘകാല അവധി അപേക്ഷ ആവശ്യമായ കുറിപ്പോടുകൂടെ, ഉചിതരൂപേണ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുക മാത്രമാണ് സ്കൂൾ അധികാരികളുടെ ഉത്തരവാദിത്വം. അത്തരം അവധികൾ അനുവദിക്കുന്നതിനൊ / നിരസിക്കുന്നതിനൊ ഉള്ള അവകാശം സർക്കാരിന്റെ വിവേചന അധികാര പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. സർക്കാരിന്റെ അത്തരം വിവേചന അധികാരത്തിൽ ഇടപെടാൻ അപേക്ഷകനായ തനിക്കോ / മാനേജർക്കൊ യാതൊരുവിധ അവകാശവും ഇല്ല.

**(3)** അവധി അപേക്ഷ നിരസിക്കുന്നതിന് കാരണമായി മാനേജർ എപ്പോഴും ചൂണ്ടിക്കാണിക്കുന്ന കാരണം അദ്ധ്യാപകരുടെ ലഭ്യതക്കുറവ് എന്നതാണ്. എന്നാൽ സർക്കാർ കെ ഇ ആർ ചട്ടം **43, 51**എ, **51**ബി അധ്യായം **XIV A** പ്രകാരം എല്ലാ അവധി ഒഴിവുകളിലും പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിക്കണമെന്ന് **G.O (P) 199/2016 G,Edn Dated 03.12.2016** ഉത്തരവിലൂടെ

നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ ഏതെങ്കിലും ജീവനക്കാർക്ക് ദീർഘകാല അവധി അനുവദിച്ച് ഉത്തരവ് ഇറക്കുകയാണെങ്കിൽ ആയത് അനുസരിക്കേണ്ടത് അപേക്ഷകന്റെയും അതുപോലെ തന്നെ സ്കൂൾ അധികാരികളുടെയും ഉത്തരവാദിത്വമാണ്. മാത്രമല്ല അത്തരം അവധി ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോട് പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കിത്തരുവാൻ ആവശ്യപ്പെടേണ്ടതുമാണ്. എന്നാൽ അതിനുപകരം സർക്കാർ ഉത്തരവിനെ കോടതി വ്യവഹാരത്തിലേക്കു വിടുന്നത് പൂർണമായും ചട്ടങ്ങൾക്കും, നിയമങ്ങൾക്കും എതിരാണ്.

(4) ശൂന്യവേതന അവധി പരിഗണിക്കാനുള്ള അധികാരം സർക്കാരിൽ മാത്രം നിക്ഷിപ്തമാണ് എന്ന് ബഹു. കേരള ഹൈക്കോടതി സിംഗിൾ ബെഞ്ചും, ഡിവിഷൻ ബെഞ്ചും എം ഇ എസ് മാനേജർ കക്ഷിയായ നിരവധി കേസുകളിൽ തന്നെ വിധി പ്രസ്താവിച്ചിട്ടുണ്ട്. ആയതിനാൽ സർക്കാർ ഉത്തരവുകൾ പാലിക്കുവാൻ ഉള്ള ബാധ്യത മാനേജർക്കും, മറ്റ് അധികാരികൾക്കും ഉണ്ട്.

(5) സ്കൂൾ ജീവനക്കാരിൽ നിന്നും ലഭിക്കുന്ന അവധി അപേക്ഷകൾ യാതൊരുകാരണവശാലും പരിഗണിക്കരുതെന്നും, അപേക്ഷകളിന്മേൽ മേലൊപ്പൊ, മറ്റ് അനുകൂല ശുപാർശകളോ രേഖപ്പെടുത്തരുതെന്നും, ലഭിക്കുന്ന അപേക്ഷകൾ അതേപടി നേരിട്ട് ബന്ധപ്പെട്ട അധികാരികൾക്ക് അയച്ചുകൊടുക്കേണ്ടതാണെന്നും നിർദേശിച്ചുകൊണ്ട് സ്കൂൾ ഹെഡ് മാസ്റ്റേഴ്സ് / പ്രിസിപ്പൽസ് എന്നിവർക്ക് സ്കൂൾ മാനെജ്മെന്റ് നൽകിയ സർക്കുലർ, ചട്ടങ്ങൾക്കും, കെ ഇ ആർ / കെ എസ് ആർ നിയമങ്ങൾക്കും, വിവിധ സർക്കാർ ഉത്തരവുകൾക്കും പൂർണമായും എതിരാണ്. സ്കൂൾ അധികാരികൾ കെ ഇ ആർ / കെ എസ് ആർ ചട്ടങ്ങൾക്കും, അതാതു സമയത്തെ സർക്കാർ ഉത്തരവുകൾക്കും അനുസരിച്ച് മാത്രമാണ് പ്രവർത്തിക്കേണ്ടത്. അല്ലാത്തപക്ഷം ആയവർ പ്രസ്തുത തസ്തിക ദുരുപയോഗം ചെയ്യുകയാണ് ചെയ്യുന്നത്.

(6) തനിക്ക് അവധി അനുവദിച്ചുകൊണ്ട് പുറത്തിറക്കിയ **24.04.2022** തിയ്യതിയിലെ സർക്കാർ ഉത്തരവിന് എതിരായി മാനേജർ ചൂണ്ടിക്കാണിക്കുന്ന വാദം **31.01.2022** തിയ്യതിയിലെ **WP (C) No. 1123/2022** കോടതി ഉത്തരവാണ്. പ്രസ്തുത വിധിയിൽ സർക്കാർ നടപടി സിംഗിൾ ബെഞ്ച് ശരിവക്കുകയാണ് ചെയ്തിട്ടുള്ളത്. എങ്കിലും ഏതു സർക്കാർ ഉത്തരവുകളും പുനഃപരിശോധിക്കാൻ **Rule 93 Chapter XIVA KER** പ്രകാരം സർക്കാരിന് അധികാരമുണ്ടെന്നും, ആയത് സർക്കാരിൽ മാത്രം നിക്ഷിപ്തമാണെന്നും മാനേജർ മനസ്സിലാക്കേണ്ടതാണ്.

7) കെ എസ് ആർ ചട്ടങ്ങൾ അവധി കാര്യത്തിൽ എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് ബാധകമല്ല എന്ന് മാനേജർ വാദിക്കുമ്പോഴും ആയതു ബാധകമാണ് എന്ന് സർക്കാർ വിവരാവകാശ നിയമപ്രകാരം മറുപടി നൽകിയിട്ടുണ്ട്.

8) പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് നമ്പർ **2620 / 2022** - തിയ്യതി **24.04.2023** പ്രകാരം തനിക്ക് അവധി അനുവദിച്ചുതന്നിട്ടുള്ളത് തന്റെ മകന്റെ രോഗാവസ്ഥയും കൂടി കണക്കിലെടുത്തുകൊണ്ടാണ്. ഏതെല്ലാം നിയമങ്ങൾ നിലവിൽ ഉണ്ട് എങ്കിലും അവധി അപേക്ഷ പരിഗണന അർഹിക്കുന്നതാണ് എന്ന് തോന്നുന്നപക്ഷ

**Rule 7 Part 1 KSR** പ്രകാരം ചട്ടങ്ങളിൽ ഇളവുവരുത്തി അവധി അനുവദിച്ചുകൊടുക്കാൻ സർക്കാരിന് അധികാരം ഉണ്ട്. സർക്കാരിൽ നിക്ഷിപ്തമായ ആ അധികാരത്തെ ചോദ്യം ചെയ്യാൻ മറ്റാർക്കും സാധ്യമല്ലാത്തതുമാണ്.

**9.** നിർഭാഗ്യവശാൽ അപേക്ഷകനായ ശ്രീ ജെയ് എം തോമസിന് ഇതിനിടയിൽ ഗൗരവതരമായ ഒരു ഹാർട്ട് അറ്റാക്കും, സ്ട്രോക്കും സംഭവിക്കുകയുണ്ടായി. അതിനെ തുടർന്നുള്ള തുടർചികിത്സകൾ നിലവിൽ നടന്നുകൊണ്ടിരിക്കുകയുമാണ്. ഈ വിഷയം കൂടി പരിഗണയിൽ എടുക്കണമെന്നും നിലവിലുള്ള അവധി കാലയളവ് തീരുന്നതുവരെ അവധിയിൽ തുടരുവാൻ അനുമതി നൽകണമെന്നും അപേക്ഷിക്കുന്നു.

**10.** കേരള ധനകാര്യ വകുപ്പിന്റെ **30.12.2020** തിയ്യതിയിലെ സർക്കുലർ നമ്പർ **83 / 2020** പ്രകാരം കെ എസ് ആർ ഭാഗം ഒന്ന് അനുബന്ധം **XII C** അനുസരിച്ച് **05/11/2020** ന് മുൻപ് സമർപ്പിച്ചിട്ടുള്ള അവധി അപേക്ഷകൾ അർഹതയുടെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതിയോടു കൂടി തീരുമാനമെടുക്കേണ്ടതാണെന്ന് നിർദേശിച്ചിരുന്നു. അപേക്ഷകന്റെ അവധി അപേക്ഷ **21/03/2020** ന് സമർപ്പിച്ചിട്ടുള്ളതാണ്. നിയമത്തിനനുസൃതമായി ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി മാത്രമാണ് അപേക്ഷകന് അവധി അനുവദിച്ചു നൽകിയിട്ടുള്ളത്.

**11.** അവധിയുമായി ബന്ധപ്പെട്ട കെ ഇ ആർ/ കെ എസ് ആർ ചട്ടങ്ങളിലോ,മറ്റേതെങ്കിലും സർക്കാർ ഉത്തരവുകളിലോ ദീർഘകാല അവധി അപേക്ഷയിന്മേൽ സർക്കാർ തീരുമാനം എടുക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട സ്കൂൾ മാനേജരുമായി ഹിയറിങ് നടത്തണമെന്നൊ, ഹിയറിങ് നടത്തിയതിനുശേഷം മാത്രമേ തീരുമാനം എടുക്കാവൂ എന്നോ നിർവചിച്ചിട്ടില്ല. മറിച്ച് അവധി അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കുമ്പോൾ മാനേജർ തന്റെ വാദങ്ങൾ സർക്കാരിനെ അറിയിക്കുകയാണ് വേണ്ടത്. ആയതിനാൽ അവധി അനുവദിക്കുന്നതിനുമുമ്പ് ഹിയറിങ് നടത്തിയിട്ടില്ല എന്ന മാനേജരുടെ അത്തരം വാദത്തിന് പ്രസക്തിയില്ല. അവധി അപേക്ഷയിന്മേൽ തീരുമാനമെടുക്കുക എന്നത് സർക്കാരിന്റെ നിയമത്തിൽ അധിഷ്ഠിതമായ വിവേചന അധികാരത്തിന് കീഴിലുള്ളതാണ്.

**12.** അവധിയുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിലുള്ള കേസിനെ കുറിച്ച് മാനേജർ ഇവിടെ സൂചിപ്പിച്ചിരുന്നു. ഈ കാലയളവിൽ തന്നെ ഇതേ **MES** മാനേജ്മെന്റിന് കീഴിലുള്ള മലപ്പുറം ഇരിമ്പിളിയം എം ഇ എസ് ഹയർ സെക്കണ്ടറി സ്കൂളിലെ ഹൈസ്കൂൾ അറബിക് അദ്ധ്യാപകൻ ശ്രീ മുഹമ്മദലി എ എന്ന അദ്ധ്യാപകന് അവധി നീട്ടി നൽകുവാൻ മാനേജർ തയ്യാറാവാതെ വന്നപ്പോൾ അദ്ധ്യാപകൻ നൽകിയ കേസിൽ അദ്ധ്യാപകന് അനുകൂലമായി ഉണ്ടായ ഹൈക്കോടതി ഉത്തരവുകൾക്കെതിരെ മാനേജർ സുപ്രീംകോടതിയെ സമീപിക്കുകയാണ് ഉണ്ടായത്.

മാനേജർ നൽകിയ ഈ കേസിലെ അന്തിമവിധി സുപ്രീം കോടതി പ്രസ്താവിച്ചിട്ടുണ്ട്. ഇത് പ്രകാരം ദീർഘകാല അവധി അപേക്ഷകളിന്മേൽ തീരുമാന മെടുക്കാനുള്ള പൂർണമായ അധികാരം സർക്കാരിന് ആണെന്നും. ശൂന്യവേതന

അവധി അപേക്ഷകൾ മാനേജർ സർക്കാരിലേക്ക് സമർപ്പിക്കുക മാത്രമാണ് ചെയ്യേണ്ടതെന്നും, അദ്ധ്യാപകന് അനുകൂലമായ ഹൈക്കോടതി സിംഗിൾ ബെഞ്ച്, ഡിവിഷൻ ബെഞ്ച് വിധികൾ ശരിവച്ചുകൊണ്ടും, മാനേജരുടെ വാദങ്ങൾ പൂർണ്ണമായി തള്ളിക്കൊണ്ടും ബഹു. സുപ്രീം കോടതി **12/2/2024** ന് **4260/2022** നമ്പർ ഉത്തരവിലൂടെ വിധിച്ചിട്ടുണ്ട്.

ആയതിനാൽ റൂൾ **7** പാർട്ട് **1** കെ എസ് ആർ ചട്ടങ്ങളിൽ ഇളവു വരുത്തി അവധി അനുവദിച്ചു കൊടുക്കാൻ ഉള്ള സർക്കാരിന്റെ അധികാരം വച്ചുകൊണ്ട് ഹർജിക്കാരന് അവധി അനുവദിക്കാൻ മനസ്സുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

**(ബി) ഹർജിക്കാരനായ മാനേജരുടെ വാദം**

എം.ഇ.എസ്. കോർപ്പറേറ്റ് മാനേജ്മെൻ്ററിന് കീഴിലുള്ള മണ്ണാർക്കാട് എം.ഇ.എസ്. ഹയർ സെക്കൻററി സ്കൂളിൽ ഹൈസ്കൂൾ വിഭാഗം മലയാളം അദ്ധ്യാപകനായി **04.09.2001** മുതൽ നിയമനാംഗീകാരത്തോടുകൂടി ജോലി ചെയ്ത് വന്നിരുന്ന ശ്രീ. ജെയ് എം. തോമസിന് അദ്ദേഹം അപേക്ഷിച്ചതനുസരിച്ച് **21.07.2015** മുതൽ **20.07.2020** വരെ **5** വർഷത്തേക്ക് വിദേശത്തുള്ള ജീവിത പങ്കാളിയുടെ കൂടെ കഴിയാനായി കേരള സർവീസ് റൂൾ ഭാഗം **1** അനുബന്ധം **XII C** പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ഈ അവധി തീരുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ ലാവണം ഇതേ മാനേജ്മെന്റ്റിലെ വണ്ടൻമേട് എം.ഇ.എസ്. ഹയർ സെക്കൻ്ററി സ്കൂളിലേക്ക് മാറ്റുകയും ചെയ്തിരുന്നു.

എന്നാൽ മേൽ അനുവദിച്ച അവധിയുടെ തുടർച്ചയായി **21.07.2020** മുതൽ **20.07.2025** വരെ വീണ്ടും **5** വർഷത്തേക്ക് അതേ ആവശ്യാർത്ഥം ശൂന്യവേതനാവധി അനുവദിക്കാൻ ശ്രീ. ജെയ് എം. തോമസ് അപേക്ഷ സമർപ്പിച്ചിരുന്നു.

എം.ഇ.എസ്. കോർപ്പറേറ്റ് മാനേജ്മെൻ്ററിന് കീഴിലുള്ള ഒരു സ്കൂളിലെയും അദ്ധ്യാപകർക്ക് ദീർഘകാല ശൂന്യവേതനാവധി അനുവദിക്കാൻ ഈ മാനേജ്മെൻ്റ് ശുപാർശ ചെയ്യാറില്ല. സർക്കാർ ഇടക്കിടെ അദ്ധ്യാപകർക്ക് നൽകുന്ന ഇൻസർവീസ് കോഴ്സുകൾ നഷ്ടപ്പെടുന്നതിനാലും അതിനാൽതന്നെ ദീർഘകാല അവധി കഴിഞ്ഞ് സ്കൂളിൽ പുനഃപ്രവേശിക്കുന്ന അദ്ധ്യാപകർക്ക് നൂതന മാർഗങ്ങളിലൂടെ അദ്ധ്യയനം നടത്താൻ കഴിയാത്ത സാഹചര്യം വരുന്നതിനാലും ഇടക്കിടെ അദ്ധ്യാപകർ മാറുന്നത് കുട്ടികളുടെ അക്കാദമിക താൽപ്പര്യത്തെ പ്രതികൂലമായി ബാധിക്കുന്നതിനാലും അവധി ഒരവകാശമല്ലാത്തതിനാലുമാണ് ഈ മാനേജ്മെൻ്റ് അപ്രകാരമൊരു തീരുമാനമെടുത്തത്. ദീർഘകാലം ജോലിയിൽ നിന്ന് വിട്ടുനിൽക്കുന്നത് പാഠ്യ വിഷയവുമായുള്ള ബന്ധം അദ്ധ്യാപകർക്ക് നഷ്ടപ്പെടുവാനും കാരണമാകുന്നതാണ്. അതിനാൽ ശ്രീ. ജെയ് എം. തോമസിൻ്റെ രണ്ടാമത്തെ **5** വർഷത്തേക്കുള്ള ശൂന്യവേതനാവധി അനുവദിക്കരുതെന്ന പരാമർശത്തോടെ ലീവ് അപേക്ഷ മേലധികാരികൾക്ക് അയച്ചുകൊടുക്കുകയാണുണ്ടായത്.

ശുപാർശ സ്വീകരിച്ചുകൊണ്ട് അദ്ധ്യാപകൻ്റെ അവധി അപേക്ഷ നിരസിച്ചുകൊണ്ടും ഉടൻ തന്നെ ജോലിയിൽ തിരികെ പ്രവേശിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് എൽ-**2/191/2021**/പൊ.വി.വ തിയ്യതി **14.12.2021** പ്രകാരം

ഉത്തരവായി. ഇതിനെതിരെ അദ്ധ്യാപകൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 1123/ 2022 റിട്ട് പെറ്റീഷനിലെ 31.01.2022 ലെ വിധി ഉത്തരവിനനുസരിച്ച് അദ്ദേഹത്തിൻ്റെ ആവശ്യം ബഹു. ഹൈക്കോടതി അംഗീകരിക്കാതെ തള്ളുകയാണുണ്ടാത്.

ശ്രീ. ജെയ് എം. തോമസ് 5 വർഷത്തെ ശൂന്യവേതനാവധി അനുഭവിച്ചു കഴിഞ്ഞു. തുടർന്നുള്ള അവധിക്ക് അർഹതയില്ലെന്ന് സർക്കാരും ബഹു. ഹൈക്കോടതിയുടെ സിംഗിൾ ഡിവിഷൻ ബെഞ്ചുകളും ഉത്തരവ് പുറപ്പെടുവിച്ചതുമാണ്.

അദ്ധ്യാപകൻ്റെ പരമമായ ഉത്തരവാദിത്തം കുട്ടികൾക്ക് ഫലപ്രദമായി അദ്ധ്യയനം നൽകുക എന്നുള്ളതാണ്. ഈ മഹിതമായ ലക്ഷ്യം കൈവരിക്കാനാണ് സർക്കാരും ബഹു. ഹൈക്കോടതിയുമെല്ലാം കാലാകാലങ്ങളിൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. ഇത് ചിലരെയെല്ലാം പ്രതികൂലമായി ബാധിക്കുമെന്നത് സ്വാഭാവികമാണ്. എന്നാൽ സർക്കാരോ ബഹു. ഹൈക്കോടതിയോ പരിഗണിക്കാത്ത അദ്ധ്യാപകരുടെ തികച്ചും വ്യക്തിപരമായ താൽപ്പര്യങ്ങൾ സ്കൂൾ മാനേജർക്ക് ഒരു തരത്തിലും പരിഗണിക്കാൻ നിർവാഹമില്ല.

എന്നാൽ അദ്ധ്യാപകൻ 21.07.2020 മുതൽ 20.07.2025 വരെ വീണ്ടും 5 വർഷത്തേക്ക് അവധി അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് സർക്കാരിന് പുനഃപരിശോധന ഹരജി നൽകുകയും സർക്കാർ സ.ഉ. സാധാ നമ്പർ 2620/2022 ജനറൽ എഡ്യൂക്കേഷൻ തിയ്യതി 24.04.2022 പ്രകാരം അവധി അനുവദിക്കുകയാണുണ്ടായത്. പ്രസ്തുത ഉത്തരവ് റദ്ദായിട്ടുള്ളതായി മേൽ സൂചന കത്തിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആയതിൻ്റെ ഉത്തരവ് ഇതുവരെ ലഭിച്ചിട്ടില്ല.

കേരള വിദ്യഭ്യാസ നിയമം XIV A അദ്ധ്യായത്തിലെ 56 (4) ചട്ടപ്രകാരം ഒരു എയ്ഡഡ് സ്കൂൾ അദ്ധ്യാപകന് 5 വർഷക്കാലം മാത്രമാണ് ശൂന്യവേതനാവധി അനുവദനീയമായിട്ടുള്ളത്. ശ്രീ. ജെയ് എം. തോമസിന് 21.07.2015 മുതൽ 20.07.2020 വരെ 5 വർഷത്തേക്ക് വിദേശത്തുള്ള ജീവിത പങ്കാളിയുടെ കൂടെ കഴിയാനായി കേരള സർവീസ് റൂൾ ഭാഗം 1 അനുബന്ധം XII C ശൂന്യവേതനാവധി അനുവദിച്ചിരുന്നു. 5 വർഷത്തിൽ കൂടുതൽ ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അപേക്ഷ നിരസിച്ചിട്ടും അനധികൃതമായി അവധിയിൽ പ്രവേശിച്ച ശ്രീ. ജയ് എം. തോമസിൻ്റെ നടപടി അംഗീകരിക്കാൻ നിർവ്വാഹമില്ല. ആയതിനാൽ അദ്ധ്യാപകനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് അനുവാദം തരണമെന്ന് അപേക്ഷിക്കുന്നു.

**എം.ഇ.എസ്. കോർപ്പറേറ്റ് മാനേജ്മെൻ്റിന് കീഴിലുള്ള ഒരു സ്കൂളിലെയും അദ്ധ്യാപകർക്ക് ദീർഘകാല ശൂന്യവേതനാവധി അനുവദിക്കാൻ മാനേജ്മെൻ്റ് ശുപാർശ ചെയ്യാറില്ലന്നും 5 വർഷത്തിൽ കൂടുതൽ ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അപേക്ഷ നിരസിച്ചിട്ടും അനധികൃതമായി അവധിയിൽ പ്രവേശിച്ച ശ്രീ. ജയ് എം. തോമസിൻ്റെ നടപടി അംഗീകരിക്കാൻ നിർവ്വാഹമില്ലന്നും ആയതിനാൽ അദ്ധ്യാപകനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് അനുവാദം നൽകണമെന്നുമാണ് മാനേജരുടെ വാദം.**

MES മാനേജ്മെന്റിന് കീഴിലുള്ള മലപ്പുറം ഇരിമ്പിളിയം എം ഇ എസ് ഹയർ സെക്കണ്ടറി **സ്കൂളിലെ ഹൈസ്കൂൾ അറബിക് അധ്യാപകൻ ശ്രീ മുഹമ്മദലി എ ക്ക് അവധി നീട്ടി നൽകുവാൻ മാനേജർ തയ്യാറാവാതെ വന്നപ്പോൾ അദ്ധ്യാപകൻ നൽകിയ കേസിൽ അദ്ധ്യാപകന് അനുകൂലമായി ഉണ്ടായ ഹൈക്കോടതി ഉത്തരവുകൾക്കെതിരെ മാനേജർ സുപ്രീംകോടതിയെ സമീപിക്കുകയും ദീർഘകാല അവധി അപേക്ഷകളിന്മേൽ തീരുമാനമെടുക്കാനുള്ള പൂർണമായ അധികാരം സർക്കാരിന് ആണെന്നും ശൂന്യവേതന അവധി അപേക്ഷകൾ മാനേജർ സർക്കാരിലേക്ക് സമർപ്പിക്കുക മാത്രമാണ് ചെയ്യേണ്ടതെന്നും, അദ്ധ്യാപകന് അനുകൂലമായ ഹൈക്കോടതി സിംഗിൾ ബെഞ്ച്, ഡിവിഷൻ ബെഞ്ച് വിധികൾ ശരിവച്ചുകൊണ്ടും, മാനേജരുടെ വാദങ്ങൾ പൂർണ്ണമായി തള്ളിക്കൊണ്ടും ബഹു. സുപ്രീം കോടതി 12/2/2024 ന് 4260/2022 നമ്പർ ഉത്തരവിലൂടെ വിധിച്ചിട്ടുണ്ട് എന്നും ആയതിനാൽ റൂൾ 7 പാർട്ട് 1 കെ എസ് ആർ ചട്ടങ്ങളിൽ ഇളവു വരുത്തി അവധി അനുവദിച്ചു നൽകണമെന്നാണ് ശ്രീ. ജയ് എം. തോമസ്-ന്റെ വാദം.**

**(6) ഇക്കാര്യം പരിശോധിച്ചു.** Deepa. Vs. State of Kerala 2010(4)KLT795 ILR 2010 (4) Kerala 825 (K.T.Sankaran J) ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം സർക്കാരിൽ നിന്നും ലീവ് അനുവദിച്ചു നൽകുന്നതിന് മാനേജരുടെ ശിപാർശ ആവശ്യമില്ല. ആയതിനാൽ 20/7/2015 ലെ സ. ഉ (സാധാ) നം. 2928/2015/പൊവിവ ഉത്തരവിന് തുടർച്ചയായി വണ്ടൻമേട് എം ഇ എസ് എച് എസ് എസ് ലെ എച് എസ് ടി (മലയാളം) ശ്രീ. ജയ് എം. തോമസിന് കെ എസ് ആർ ഭാഗം 1 അനുബന്ധം XII-C ചട്ടം 10 ൽ ഇളവുവരുത്തിയും, ടി ചട്ടത്തിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായും 21.07.2020 മുതൽ 20.07.2025 വരെ മുൻകാലപ്രാബല്യത്തോടെ ശൂന്യവേതനാവധി ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു. യാതൊരു കാരണവശാലും ഇനിയൊരു ദീർഘിപ്പിക്കൽ അനുവദിക്കുകയില്ല. ടി അവധിക്കാലയളവ് അവസാനിക്കുന്ന മുറയ്ക്ക് സർവ്വീസിൽ തിരികെ പ്രവേശിക്കേണ്ടതാണ്. തിരികെ പ്രവേശിക്കാത്ത പക്ഷം ചട്ട പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

(7) ഇപ്രകാരം എം.ഇ.എസ് സ്ക്കൂൾസ് കോർപ്പറേറ്റ് മാനേജർ, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 22246/2022 നമ്പർ റിട്ട് ഹർജിയിൻമേലുള്ള 18.8.2023 ലെ വിധിന്യായം, ശ്രീ. ജയ് എം. തോമസ്, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് അപ്പീൽ നം. 2060/2023 ന്മേലുള്ള 07/12/2023 ലെ വിധിന്യായം എന്നിവ പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SWAPNA P

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, ഇടുക്കി, തൊടുപുഴ പി ഓ

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കട്ടപ്പന

കോർപ്പറേറ്റ് മാനേജർ, എം. ഇ. എസ് എയ്ഡഡ് സ്ക്കൂൾസ്, നടക്കാവ് പി ഓ കോഴിക്കോട്- 673 011
ശ്രീ. ജയ് എം തോമസ്, എച് എസ് ടി (മലയാളം), എം ഇ എസ് എച് എസ് എസ്സ് വണ്ടൻമേട്, ഇടുക്കി ജില്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ്) കേരള, തിരുവനന്തപരം
/അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, കോട്ടയം/
ധനകാര്യ വകുപ്പ് (ധനകാര്യ റൂൾസ് (ബി) വകുപ്പിന്റെ 25/1/2025 ലെ RULES- സെ B4/244/2021-FIN (E: 1883081) റിമാർക്സ് പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M
Date: 18-07-2025 15:07:27

സെക്ഷൻ ഓഫീസർ